## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2006** **17-12-2012-ൽ മറുപടിയ്ക്ക്**

## അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രണ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കെ. സദാശിവൻ :** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | റോഡു സൈഡിലെ അനധികൃതമായ വാഹന പാർക്കിംഗ് മൂലം നിരന്തരമായി ഉണ്ടാകാറുള്ള അപകടങ്ങൾ, ട്രാഫിക് തടസ്സങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | റോഡുസൈഡിലെ അനധികൃതമായ വാഹന പാർക്കിംഗ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം നിരന്തരമായ അപകടങ്ങളോ ട്രാഫിക് തടസ്സങ്ങളോ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത അനധികൃത പാർക്കിംഗ് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി വാഹനം പാർക്ക് ചെയ്താൽ വാഹന ഉടമയ്ക്ക് പിഴ നൽകുകയും വാഹനം അവിടെ നിന്നും ഉടനടി മാറ്റാൻ കർശന നിർദ്ദേശം നൽകി മാറ്റുന്നതുമാണ്. ഉടമ വാഹനത്തിലില്ലാത്ത പക്ഷം വാഹനത്തിൽ പിഴ വിവരം ഉൾപ്പെടുത്തിയ സ്റ്റിക്കർ പതിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ടി വാഹനത്തെ റിക്കവറിവാൻ ഉപയോഗിച്ച് അവിടെ നിന്നും നീക്കം ചെയ്യാറുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | റോഡിന്റെ വശങ്ങളിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കാറുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (സി) | പിഴ ഈടാക്കാറുണ്ട്. റോഡു സൈഡിലെ അനധികൃത പാർക്കിംഗിന് 122 r/w 177 MV Act, 15 r/w 177 MV Act എന്നിവ പ്രകാരവും പിഴ ഈടാക്കുന്നുണ്ട്. കൂടാതെ 283 IPC പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്. |
| (ഡി) | അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്ക് കർശനമായ ശിക്ഷാ നടപടികൾ ഏർപ്പെടുത്തി, അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നിരന്തരമായ പട്രോളിംഗ് നടത്തി അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ ഒഴിപ്പിച്ചും അനധികൃതമായ പാർക്കിംഗിന് നിയമാനുസൃതമായ പിഴ ഈടാക്കിയും തിരക്കേറിയ സ്ഥലങ്ങളിൽ "No Parking" ബോർഡുകൾ സ്ഥാപിച്ചുകൊണ്ടുമാണ് നടപടി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ